സിംഗിൾ സർക്യൂട്ട് പ്രവർത്തനം ആരംഭിക്കാൻ നടപടി

155 (938) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പാപ്പിനിശ്ശേരി ഒദയമ്മാടം മുതൽ കുന്നനങ്ങാട് വരെ 11 കെ.വി. ലൈൻ 1.5 സിംഗിൾ സർക്യൂട്ട് പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1.5 കിലോമീറ്റർ 11 കെ.വി. ലൈൻ വലിക്കുന്നതിന് 3,95,200 രൂപ തുക വരുന്ന ഒരു എസ്റ്റിമേറ്റിന് 1.1.99-ൽ അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ ജോലി ഇനി ചെയ്യാനുള്ള സിസ്റ്റം ഇംപ്രൂവ്മെന്റ് ജോലികളിൽ രണ്ടാമത്തേതാണ്. മുൻഗണനാ ക്രമത്തിൽ സാധനസാമഗ്രികളുടെ ലഭ്യതയ്ക്കു വിധേയമായി ഈ ജോലി കഴിവതുംവേഗം ചെയ്യുന്നതാണ്.

പോത്തുപാറ കോളനിയിൽ വൈദ്യുതി എത്തിക്കാൻ നടപടി

156 (939) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ പോത്തുപാറ ഹരിജൻ കോളനി വൈദ്യുതീകരിക്കുന്നതിന് ലൈൻ വലിക്കാൻ വനംവകുപ്പിന്റെ അനുമതിക്കായി അപേക്ഷിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷപ്രകാരം വനംവകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വനംവകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റിവൈസ്ഡ് പ്രൊഫോർമയിൽ വിശദാംശം നൽകണമെന്ന് വനംവകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതിൻപ്രകാരം വിശദാംശം നൽകിയോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ഡി) പോത്തുപാറ ഹരിജൻ കോളനിയിലേയ്ക്ക് എത്രയുംവേഗം വൈദ്യുതി എത്തിക്കാനാവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 20.2.93-ൽ.

(ബി)&(സി) ലൈൻ വലിക്കുന്നതിന് മിനിമം വനഭൂമിയേ ഉപയോഗിക്കുകയുള്ളൂ എന്നുള്ള സർട്ടിഫിക്കറ്റും സ്കെച്ചും വേണമെന്ന് ആവശ്യപ്പെട്ട് 22.5.99-ൽ വനംവകുപ്പധികാരികളിൽ നിന്നും വിദ്യുച്ഛക്തി ബോർഡിന് കത്തു കിട്ടുകയും അതനുസരിച്ച് 16.6.99-ൽ ബോർഡ് പ്രസ്തുത വിവരങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly